REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 10-06-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **രാജ്യരക്ഷാ മേഖലയിൽ 11 വർഷത്തിനിടയിൽ രാജ്യം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ച ചരക്ക് കപ്പൽ വാൻഹായി 503- ലെ തീയണയ്ക്കാൻ ശ്രമം തുടരുന്നു.**
- **നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടുപിടിച്ചു. മുതിർന്ന നേതാക്കൾ പ്രചാരണരംഗത്ത്.**
- **സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ 2025-26 അധ്യയനവർഷത്തെ കുട്ടികളുടെ കണക്കെടുപ്പ് തുടരുന്നു.**
- **സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്.**

## വാർത്തകൾ വിശദമായി

കഴിഞ്ഞ 11 വർഷവും രാജ്യരക്ഷാ മേഖലയിൽ രാജ്യം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രാജ്യരക്ഷാ ഉപകരണങ്ങളുടെ ഉത്പാദനത്തിലും, ആധുനികവത്ക്കരണത്തിലും സ്വാശ്രയത്വം കൈവരിക്കുന്നതിനാണ് രാജ്യം ശ്രമിച്ചതെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഇന്ത്യയെ കൂടുതൽ ശക്തമാക്കുന്നതിന് ദൃഢനിശ്ചയത്തോടെ ജനങ്ങൾ ഐക്യത്തോടെ പ്രവർത്തിക്കുന്നത് സന്തോഷകരമാണെന്നും നരേന്ദ്ര മോദി അറിയിച്ചു.

✪✪✪

യുവ ശക്തിയിലൂടെയും സാങ്കേതിക വിദ്യകളിലൂടെയും സമകാലിക വെല്ലുവിളികളെ നേരിടുന്ന ആഗോള ശക്തിയായി ഇന്ത്യ മാറിയതായി ലോക്സഭാ സ്പീക്കർ ഓം ബിർള അറിയിച്ചു. സാമൂഹിക, സാമ്പത്തിക, സാങ്കേതിക മേഖലകളിൽ യുവാക്കൾ വഹിക്കുന്ന പങ്കിനെ പ്രശംസിച്ച അദ്ദേഹം, രാജ്യ പുരോഗതിയിൽ യുവാക്കൾക്ക് നിർണായക സ്ഥാനമുണ്ടെന്നും, വികസനത്തിനായി സാങ്കേതിക വിദ്യ കൂടുതൽ പ്രയോജനപ്പെടുത്തണമെന്നും പറഞ്ഞു.

✪✪✪

ഇന്ത്യയും സ്വിറ്റ്സർലൻഡും വ്യാപാര- നിക്ഷേപ പങ്കാളിത്ത മേഖലയിൽ പരസ്പരസഹകരണത്തിന് ഉഭയകക്ഷി ചർച്ചയിൽ തീരുമാനമായതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ അറിയിച്ചു. ഇന്ത്യയും നാല് രാജ്യങ്ങളുടെ യൂറോപ്യൻ കൂട്ടായ്മയായ EFT യും തമ്മിൽ സ്വതന്ത്ര വ്യാപാര കരാർ സെപ്റ്റംബർ മുതൽ പ്രാബല്യത്തിൽ വരാൻ സാധ്യതയുണ്ടെന്നും ഗോയൽ സ്വിറ്റ്സർലൻഡ് സന്ദർശനത്തിനിടെ പറഞ്ഞു. യൂറോപ്യൻ ഫ്രീട്രെയ്ഡ് അസോസിയേഷൻ EFT യിൽ ഐസ്‌ലാൻഡ്, ലിച്ചൻസ്റ്റൈൻ, നോർവെ, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങളാണ് ഉൾപ്പെടുന്നത്.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ലക്ഷദ്വീപിലെ കവരത്തിയിൽ എത്തി. ലക്ഷദ്വീപ് കൃഷി വിജ്ഞാൻ കേന്ദ്രയുടെ കീഴിൽ ദ്വീപുകളിൽ പുരോഗമിക്കുന്ന വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ പ്രവർത്തനങ്ങൾ ജോർജ് കുര്യൻ, വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് വിലയിരുത്തും.

✪✪✪

കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ച ചരക്ക് കപ്പൽ വാൻഹായി 503- ലെ തീയണയ്ക്കാൻ ശ്രമം തുടരുന്നു. കപ്പലിലെ വസ്തുക്കളുടെ സ്വഭാവവും പുകയും കാറ്റും കാരണം ഇന്നലെ രാത്രി തീ നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിരുന്നില്ല.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ഇന്ന് രാവിലെ പ്രത്യേക സാൽവേജ് ടീം കൊച്ചിയിൽ നിന്ന് പുറപ്പെട്ടതായി അഴീക്കൽ പോർട്ട് ഓഫീസർ ക്യാപ്റ്റൻ അരുൺകുമാർ പറഞ്ഞു. കപ്പലിനെ

സുരക്ഷിത സ്ഥാനത്തേക്ക് കൊണ്ടുപോകാനും, ഒഴുകി നടക്കുന്ന കണ്ടെയ്നറുകൾ കടലിൽ നിന്നു തന്നെ വീണ്ടെടുക്കാനും അഗ്നിശമനാ പ്രവർത്തനങ്ങളിൽ കോസ്റ്റ്ഗാർഡിനെ സഹായിക്കാനും സാൽവേജ് ടീമിന് കഴിയുമെന്ന് പോർട്ട് ഓഫിസർ അറിയിച്ചു.

269 മീറ്റർ നീളവും 32 മീറ്റർ വീതിയും വരുന്ന വാൻഹായി കൊളംബൊയിൽ നിന്ന് ഏഴാം തിയതി രാത്രിയാണ് പുറപ്പെട്ടത്. പത്താം തിയതി വൈകിട്ട് അഞ്ചിന് മുംബൈ നവാഷെവ തുറമുഖത്ത് എത്തുകയായിരുന്നു ലക്ഷ്യം. അതിനിടയിലാണ് തീ പിടിച്ചത്. 153 കണ്ടെയ്നറുകളിൽ 25 ഓളം കടലിൽ പതിച്ചതായി ക്യാപ്റ്റൻ അരുൺ കുമാർ അറിയിച്ചു. അപകടകരമായ വസ്തുക്കൾ കയറ്റിയ കാർഗോകൾ കപ്പലിലുണ്ട്.

ചൈന, മ്യാൻമർ, ഇന്തൊനേഷ്യ, തായ്‌ലന്റ് സ്വദേശികളായ കപ്പലിലെ 22 ജീവനക്കാരാണ് കപ്പലിൽ ഉണ്ടായിരുന്നത്. ഇതിൽ 18 പേരെയാണ് കോസ്റ്റ്ഗാർഡും, നേവിയും രക്ഷപ്പെടുത്തിയത്. നാലു പേരെയാണ് കാണാതായത്. കപ്പലിലെ ഒഴുക്ക് തെക്ക്- കിഴക്കൻ ദിശയിലേക്കാണ്. രക്ഷാപ്രവർത്തനത്തിന് മംഗലാപുരം, ബേപ്പൂർ കോസ്റ്റ്ഗാർഡ് കപ്പലുകളെയും, INS സൂറത്തിനെയുമാണ് നിയോഗിച്ചത്.

കപ്പലിലെ തീപിടിത്തവും, തുടർ നടപടികളും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് വിവിധ കേന്ദ്ര- സംസ്ഥാന ഏജൻസികളുടെ ഏകോപന യോഗം കൊച്ചിയിൽ തുടങ്ങി. കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയമാണ് യോഗം വിളിച്ചുചേർത്തത്. യോഗത്തിൽ വിവിധ ഏജൻസികൾക്കു പുറമെ തുറമുഖ വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്.

✪✪✪

കപ്പൽ തീപിടുത്തത്തെ തുടർന്ന് എലത്തൂർ, ബേപ്പൂർ, വടകര കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേക്കും കോഴിക്കോട് സിറ്റി, റൂറൽ പോലീസ് സ്റ്റേഷനുകളിലേക്കും പോർട്ട് ഓഫീസർ ഫിഷറീസ്, കോഴിക്കോട്, കൊയിലാണ്ടി, വടകര TEOC കളിലേക്കും അറിയിപ്പ് കൊടുത്തതായി കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. ആരോഗ്യവകുപ്പിലേക്ക് വൈദ്യസഹായത്തിനായി അറിയിപ്പ് കൊടുത്തിട്ടുണ്ടെന്നും കലക്ടർ പറഞ്ഞു.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ മുന്നണികൾ ഊർജ്ജിതമാക്കി. LDF സ്ഥാനാർഥി M.സ്വരാജ് ചുങ്കത്തറയിൽ നിന്ന് പര്യടനം ആരംഭിച്ചു. UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ പര്യടനം ചുങ്കത്തറ മാമ്പൊയിലിൽ മുസ്ലീം ലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം

ചെയ്തു. NDA സ്ഥാനാർഥി മോഹൻ ജോർജിന്റെ പര്യടനം ഇന്ന് മൂത്തേടം പഞ്ചായത്തിലാണ്.

✪✪✪

സ്ഥാനാർത്ഥികൾക്കായി നേതാക്കളുടെ വൻനിരയാണ് നിലമ്പൂർ മണ്ഡലത്തിൽ. മന്ത്രിമാരായ പി രാജീവ്, വി ശിവൻകുട്ടി, VN വാസവൻ, R ബിന്ദു, P. പ്രസാദ് തുടങ്ങിയവരാണ് LDF സ്ഥാനാർത്ഥിക്കായി പ്രചരണ രംഗത്ത്.

പ്രതിപക്ഷനേതാവ് വി ഡി സതീശൻ, KPCC അധ്യക്ഷൻ സണ്ണി ജോസഫ്, UDF കൺവീനർ അടൂർ പ്രകാശ്, പ്രതിപക്ഷ ഉപനേതാവ് P.K കുഞ്ഞാലിക്കുട്ടി തുടങ്ങിയ മുതിർന്ന നേതാക്കളെ രംഗത്തിറക്കിയാണ് UDF ന്റെ പ്രചാരണം.

BJP മുൻ സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, ശോഭാ സുരേന്ദ്രൻ തുടങ്ങിയ സംസ്ഥാന നേതാക്കളെ കളത്തിൽ ഇറക്കി BJP യും പ്രചാരണം ശക്തമാക്കുന്നുണ്ട്.

അതേസമയം മണ്ഡലത്തിൽ ആരവങ്ങളില്ലാതെ പ്രചാരണവുമായി മുന്നോട്ട് പോവുകയാണ് P.V അൻവർ.

ഉപതെരഞ്ഞെടുപ്പ് പ്രചരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം മലപ്പുറത്ത് ചേർന്നു. മുതിർന്ന CPIM നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയനും യോഗത്തിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ 2025-26 അധ്യയന വർഷത്തെ കുട്ടികളുടെ കണക്കെടുപ്പ് ഇന്ന്. വൈകിട്ട് അഞ്ച് വരെയാണ് വിദ്യാർത്ഥികളുടെ എണ്ണം ശേഖരിക്കുന്നത്. അതിനുശേഷം ഉണ്ടാകുന്ന കണക്കുകൾ നിർണയത്തിന് അനുവദിക്കില്ലെന്നും, കണക്കെടുപ്പിൽ എന്തെങ്കിലും അപാകത സംഭവിച്ചാൽ ഉത്തരവാദിത്വം പ്രധാനാധ്യാപകനായിരിക്കുമെന്നും മന്ത്രി V ശിവൻകുട്ടി അറിയിച്ചു.

✪✪✪

തിരുവനന്തപുരം കരമന–കളിയിക്കാവിള ദേശീയ പാതയിൽ കൊടിനട മുതൽ വഴിമുക്ക് വരെ ഭൂമി ഏറ്റെടുക്കലിന് നഷ്ടപരിഹാരമായി 102 കോടി 4 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. നേരത്തെ 97 കോടി 6 ലക്ഷം രൂപ അനുവദിച്ചിരുന്നു.

✪✪✪

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം നിലവിൽ വന്നു. ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസം നീളുന്ന ട്രോളിങ് നിരോധനത്തിനാണ് തുടക്കമായത്. സംസ്ഥാനത്തെ നാലായിരത്തോളം ട്രോളിങ് ബോട്ടുകൾക്ക് നിരോധനം ബാധകമാകും.

മത്സ്യങ്ങളുടെ പ്രജനനകാലമായ മൺസൂൺ സമയത്ത് അടിത്തട്ടിലെ മത്സ്യബന്ധനം ഒഴിവാക്കി മത്സ്യസമ്പത്ത് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കാലയളവിൽ ട്രോളിംഗ് ബോട്ടുകൾക്ക് വിലക്കേർപ്പെടുത്തുന്നത്. സംസ്ഥാനത്തെ നാലായിരത്തോളം ട്രോളിങ് ബോട്ടുകൾക്ക് നിരോധനം ബാധകമാകും.

✪✪✪

മലപ്പുറം ജില്ലയിലെ അഴിമതിസംബന്ധമായ കേസുകളിൽ അതിവേഗം തീർപ്പുണ്ടാക്കാൻ മഞ്ചേരി ജില്ലാ കോടതി സമുച്ചയത്തിൽ വിജിലൻസ് കോടതി പ്രവർത്തനം ആരംഭിച്ചു. ഒന്നാം അഡീഷണൽ സെഷൻസ് കോടതി പ്രവർത്തിച്ച കെട്ടിടത്തിലാണ് വിജിലൻസ് കോടതി ആരംഭിച്ചത്. കോഴിക്കോട് വിജിലൻസ് കോടതിയുടെ ക്യാമ്പ് സിറ്റിങ് കേന്ദ്രമായാണ് കോടതി പ്രവർത്തിക്കുക. മാസത്തിൽ നാല് തവണ സിറ്റിങ് ഉണ്ടാകും. ഇതോടെ ഗവൺമെന്റ് ഉദ്യോഗസ്ഥരും പൊതുപ്രവർത്തകരും ഉൾപ്പെട്ട അഴിമതി കേസുകളുടെ വിചാരണ പൂർണമായും ജില്ലയിൽ തന്നെ നടത്താനാകും.

ഇതുവരെ ജില്ലയിലെ വിജിലൻസ് കേസുകൾ പരിഗണിച്ചിരുന്നത് കോഴിക്കോട് വിജിലൻസ് കോടതിയിലായിരുന്നു.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മറ്റന്നാൾ മുതൽ മഴ കനക്കുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

✪✪✪

രാജ്യത്ത് കോവിഡ് ബാധിതരുടെ എണ്ണം 6,491 ആയി. 1,957 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്ത കേരളത്തിലാണ് ഏറ്റവും കൂടുതൽ കോവിഡ് രോഗികൾ.

✪✪✪

പ്ലസ് വൺ പ്രവേശനത്തിന്റെ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. നാളെ വൈകിട്ട് 5 വരെ പ്രവേശനം നടത്താം. രണ്ടാം ഘട്ടത്തിൽ 1,630 സീറ്റുകളിലേക്കാണ് പ്രവേശനം. ആദ്യ ഘട്ടം പൂർത്തിയായപ്പോൾ 23,326 പേരാണ് പ്രവേശനം നേടിയത്.

മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിൽ പ്രവേശനത്തിന് അപേക്ഷിച്ചവരുടേയും രണ്ടാമത്തെ അലോട്ട്മെന്റ് ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ എൻജിനീയറിങ് പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് പ്ലസ്ടു/തത്തുല്യം രണ്ടാം വർഷത്തിലെ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളുടെ മാർക്ക് ഇന്ന് രാത്രി 12 മണിവരെ സമർപ്പിക്കാം. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെയാണ് സമർപ്പിക്കേണ്ടത്.

✪✪✪

ഇന്ത്യയുടെ ബഹിരാകാശയാത്രികൻ ശുഭാംശു ശുക്ലയെ ബഹിരാകാശത്തേക്ക് കൊണ്ടുപോകുന്ന ആക്സിയം-4 ദൗത്യത്തിന്റെ ഇന്നത്തെ വിക്ഷേപണം മോശം കാലാവസ്ഥയെത്തുടർന്ന് നാളത്തേയ്ക്ക് മാറ്റി. നാളെ വൈകിട്ട് 5:30 ന് വിക്ഷേപണം നടത്തുമെന്ന് ISROചെയർമാൻ V.നാരായണൻ സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ കാമ്പയിൻ കണ്ണൂർ ജില്ലയിൽ പുരോഗമിക്കുന്നു. ഇന്ന് ആന്തൂർ, തൃപ്പങ്ങോട്ടൂർ, മാലൂർ, കോളയാട് എന്നിവിടങ്ങളിലാണ് പര്യടനം. കാർഷികമേഖലയിലെ വിദഗ്ധർ കർഷകരുമായി നേരിട്ട് സംവദിക്കും.

✪✪✪

വികസിത് കൃഷി സങ്കല്പ് അഭിയാൻ യാത്ര കോഴിക്കോട് ജില്ലയിലെ പര്യടനം ഇന്ന് മേലടി ബ്ലോക്കിലാണ്. തിക്കോടി, പയ്യോളി എന്നിവിടങ്ങളിലാണ് പരിപാടി.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന്റെ പ്രധാന ചടങ്ങുകളിൽ ഒന്നായ ഭണ്ഡാരം എഴുന്നള്ളത്ത് ഇന്നലെ നടന്നു. മണത്തണ കരിമ്പനയ്ക്കൽ ഗോപുരത്തിൽനിന്ന് അർധരാത്രിയോടെയാണ് ഭണ്ഡാരങ്ങൾ അക്കരെ കൊട്ടിയൂരിലേക്ക് എഴുന്നള്ളിച്ച് എത്തിച്ചത്.

മാനന്തവാടി മുതിരേരി ക്ഷേത്രത്തിൽനിന്ന് കൊണ്ടുവന്ന വാളും, ഇക്കരെ ക്ഷേത്രത്തിലെ ബലിബിംബങ്ങളും അക്കരെ കൊട്ടിയൂരിൽ എത്തിച്ചതോടെ സ്വയംഭൂവിൽ നിത്യപൂജകൾക്ക് തുടക്കമായി.

ഇന്ന് രാവിലെ മുതൽ ഈ മാസം 30 വരെ സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശിക്കാനാവും.

✪✪✪

കഞ്ചാവ് ഉപയോഗിച്ചതിന് പൊലീസ് കസ്റ്റഡിയിൽ എടുത്ത് വിട്ടയച്ച വരയന്നൂർ സ്വദേശി സുരേഷിന്റെ ദുരൂഹ മരണം സംസ്ഥാന ക്രൈംബ്രാഞ്ച് അന്വേഷിക്കും. ആദ്യം ജില്ലാ ക്രൈം ബ്രാഞ്ചിനായിരുന്നു അന്വേഷണ ചുമതല നൽകിയത്. കസ്റ്റഡി മർദനം നടന്നെന്നു പ്രാഥമികമായി ബോധ്യപ്പെട്ടതോടെ കോയിപ്രം SHO ജി. സുരേഷ് കുമാറിനെ സസ്പെൻഡ് ചെയ്തിരുന്നു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*NRT : നിമിഷ ജി*
*DEO : ഷീബ*